Santhigiri

ഗുരുവാണി

"ഏകദൈവവിശ്വാസം എന്നപൂർത്തീകരണം കലിയിങ്കൽ ആവശ്യമുണ്ട്. എന്തുകാണ്ടെന്നാൽ കലി മുക്തിക്കർഹത പ്പെട്ടതാണ്. ശൂദ്രന് ബ്രഹ്മജ്ഞാനത്തിനും. "

# ഉമ്മിണിതങ്കം

VOL 05 | ISSUE 05 | 2019 ഫെബ്രുവരി 03 | 1194 മകരം 20

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പൂജിതപീഠം സമർപ്പണം യൂണിറ്റ് സത്സംഗങ്ങൾക്ക് ശ്രദ്ധേയമായ തുടക്കം

**ആനന്ദപുരം:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സത്സംഗങ്ങൾക്ക് ശ്രദ്ധേയമായ തുടക്കം. ജനുവരി 31 ന് ആനന്ദപുരം യൂണിറ്റിൽ ഡോ. സ്മിതാ കിരണിന്റെ ഭവനം 'ഗുരുവന്ദന'ത്തിൽ വച്ച് ആദ്യത്തെ സത്സംഗം നടന്നു. പ്രവർത്തകരുടെ കൂട്ടായ്മയുടെ സാക്ഷിപത്രമായിരുന്നു സത്സംഗ വേദി.

സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി എന്നിവർ ആഘോഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. ഡോ.ജി ആർ കിരൺ, അനിൽ ചേർത്തല എന്നിവർ സംസാരിച്ചു. സത്സംഗത്തിന്റെ ഭാഗമായി കലാപരിപാടികളും സ്നേഹവിരുന്നും സംഘടിപ്പിച്ചിരുന്നു.

ഈ ആഴ്ച ശാന്തിഗിരി ജംഗ്ഷൻ, പോത്തൻകോട്, ശാന്തിപുരം, കരുണപുരം യൂണിറ്റുകളിലാണ് സത്സംഗങ്ങൾ നടക്കുന്നത്. ഫെബ്രുവരി 4ന് ശാന്തിഗിരി ജംഗ്ഷനിൽ രഞ്ജിത വി യുടെ ഭവനം 'ശാന്തി മന്ദിര'ത്തിലും 5 ന് പോത്തൻകോട് എം.എൻ സുരേഷിന്റെ ഭവനം 'ശാന്തിപുഷ്പ'ത്തിലും 7 ന് ശാന്തിപുരത്ത് ഡോ. കെ ഗോപിനാഥൻ പിള്ളയുടെ ഭവനം 'ശാന്തിപ്രഭ'യിലും 8ന് കരുണപുരത്ത് ജയകുമാർ എസ് പിയുടെ ഭവനം 'ഗുരുനിശ്ചിത'യിലും വച്ച് സത്സംഗങ്ങൾ നടക്കും.



*ആനന്ദപുരത്ത് ജനുവരി 31ന് നടന്ന പൂജിതപീഠം സമർപ്പണം സത്സംഗസദസ്*



*എം.പി പ്രമോദും കുടുംബവും പൂജിതപീഠം സമർപ്പണം ആഘോഷത്തിനായി നൽകിയ സമർപ്പണം സ്വാമി ചൈതന്യജ്ഞാനതപസ്വി സ്വീകരിക്കുന്നു*

# പൂജിതപീഠം സമർപ്പണം ആലോചനായോഗം നടന്നു

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ജനുവരി 31 ന് ആലോചനായോഗം സംഘടിപ്പിച്ചു. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ചു. മറ്റു ഗുരുപരമ്പരകളിൽ നിന്ന് വ്യത്യസ്തമായി ഈ പരമ്പരയിൽ എക്കാലത്തും ഒരു ഗുരുസ്ഥാനം ഉണ്ടായിരിക്കുമെന്നും അതാണ് അഭിവന്ദ്യ ശിഷ്യപൂജിതയെന്നും സ്വാമി പറഞ്ഞു. ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളുടെ തിരുത്ത് എപ്പോഴും ആശ്രമത്തിൽ നിന്നും ലഭിക്കും. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യ പ്രഭാഷണം നടത്തി. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ തയ്യാറെടുപ്പുകളെ വിലയിരുത്തി സംസാരിച്ച സ്വാമി മതാതീതമായ സ്വതന്ത്രമായ രാഷ്ട്രീയാതീതമായ ശാന്തിഗിരിയുടെ നിലപാടുകളെ പൊതുസമൂഹത്തിന് ബോധ്യം വരാനുള്ള അവസരമാണ് ഓരോ ആഘോഷങ്ങളെന്നും സൂചിപ്പിച്ചു. വിവിധ ഡിപ്പാർട്ടുമെന്റ്, ഡിവിഷൻ, യൂണിറ്റ് ഹെഡ്, ഇൻചാർജുമാരും ഓഫീസ് ചുമതലക്കാരും മീറ്റിംഗിൽ പങ്കെടുത്തു.എം.പിപ്രമോദും കുടുംബവും ആഘോഷത്തിനായി നൽകിയ സമർപ്പണം സ്വാമി ചൈതന്യ ജ്ഞാനതപസ്വി സ്വീകരിച്ചു.

# എസ്.കെ പൊറ്റെക്കാട്ട് പുരസ്കാരം അനിൽ ചേർത്തലയ്ക്ക്

**കോഴിക്കോട്:** ജ്ഞാനപീഠം പുരസ്കാര ജേതാവ് എസ് കെ പൊറ്റെക്കാട്ട് അനുസ്മരണവേദിയും എസ്.കെ പൊറ്റെക്കാട്ടിന്റെ കുടുംബവും സംയുക്തമായി ഏർപ്പെടുത്തിയ എസ്.കെ പൊറ്റെക്കാട്ട് പുരസ്കാരം ശാന്തിഗിരി പബ്ലിക്കേഷൻസ് ഡെപ്യൂട്ടി എഡിറ്റർ അനിൽ ചേർത്തലയ്ക്ക് ലഭിച്ചു. അദ്ദേഹം രചിച്ച 'കാരുണ്യത്തിന്റെ നിറവ്' എന്ന പുസ്തകത്തിനാണ് പുരസ്കാരം ലഭിച്ചത്. ഗുരുവിന്റെ ജീവിത വഴിത്താരയിലെ ചില ത്യാഗമുഹൂർത്തങ്ങളും അനുഭവസാക്ഷ്യങ്ങളും അടങ്ങുന്നതാണ് ശാന്തിഗിരി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഈ പുസ്തകം. സാഹിത്യവഴിയിൽ വേറിട്ട ഒരു ഭാഷയും ആവിഷ്കാരവുമാണ് കാരുണ്യത്തിന്റെ നിറവ് എന്ന് ജൂറി അധ്യക്ഷ ഡോ. കെ പി സുധീര അഭിപ്രായപ്പെട്ടു. ഗുരുവിന്റെ പരമമായ കാരുണ്യം ഒന്നുമാത്രമാണ് തന്നെ ഈ അവാർഡിനർഹനാക്കിയതെന്ന് അനിൽ ചേർത്തല പറഞ്ഞു.

മാർച്ച് 14ന് വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് കോഴിക്കോട് അളകാപുരി ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ടി പി രാമകൃഷ്ണൻ അവാർഡ് ദാനം നിർവ്വഹിക്കും. പതിനായിരം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. ചടങ്ങിൽ അബ്ദുൾ സമദ് സമദാനി, എസ്കെ പൊറ്റെക്കാട്ടിന്റെ മക്കളായ ജ്യോതീന്ദ്രൻ, സുമിത്ര ജയപ്രകാശ് എന്നിവർ സംബന്ധിക്കും. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാദർ ഡേവിസ് ചിറമേൽ, ഗാന്ധിയൻ ശ്രീമൻ നാരായണൻ, സംവിധായകൻ വയലാർ മാധവൻ കുട്ടി തുടങ്ങിയവർക്കാണ് മറ്റു എസ് കെ പൊറ്റെക്കാട്ട് പുരസ്കാരങ്ങൾ ലഭിച്ചത്.



*അനിൽ ചേർത്തല*

# ഗുരുവാണി

കലിയിൽ ദേവനു സ്ഥാനമില്ല. കലിയിൽ ഗുരുവിനാണ് സ്ഥാനം. ഈ സത്യം എത്രയെത്ര മഹാത്മാക്കൾ വന്നു പറഞ്ഞു. ആദ്യം മോസസ് വന്നു. ദൈവത്തിൽ നിന്നു കിട്ടിയ വാക്കാണ് താൻ പറയുന്നതെന്നു പറഞ്ഞപ്പോൾ ലോകം അദ്ദേഹത്തെ കളിയാക്കി. രണ്ടായിരം കൊല്ലം കഴിഞ്ഞ് യേശു വന്നു. അദ്ദേഹത്തെ ക്രൂശിച്ചപ്പോൾ വിശ്വസിച്ചവന് തന്റെ രൂപം കാണിച്ചുകൊടുത്തു. മുക്കുവന്മാരായിരുന്നിട്ടും കടുത്ത ശിക്ഷകൾ ഏൽക്കേണ്ടി വന്നിട്ടും അവർ വാശിയോടെ പ്രവർത്തിച്ചു. പ്രവർത്തിച്ചവർ ഇരട്ടിക്കിരട്ടി വർദ്ധിച്ചു. അവരുടെ ത്യാഗത്തിന്റെ മുമ്പിൽ യഹൂദന്മാർ തളർന്നുപോയി. ഇന്നുമുണ്ട് ക്രിസ്ത്യാനികൾക്ക് ആ പാരമ്പര്യം. ലോകത്തിന്റെ ഭരണകൂടം സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞു. അക്കൂട്ടത്തിൽ ഭാരതത്തിലും വന്ന് അവർ ഒരുപകാരം ചെയ്തു. മാടൻമത്തായി ആയാൽ പൊതുവഴിയിലൂടെ നടക്കാമെന്നായി. അവന്റെ നല്ലതും ചീത്തയും ഒരുപോലെ നാം വിഴുങ്ങി. എല്ലാ നിലയിലും നാം അവരെ അനുകരിക്കുന്നു. അവനു ശാന്തി കിട്ടാതെ ഇവിടെ വന്നു മുടി വളർത്തിയപ്പോൾ ഇവിടത്തെ എല്ലാ ബീഡിചുരുട്ടുകാരനും വള്ളക്കാരനും മുടി വളർത്താൻ തുടങ്ങി.

നമ്മുടെ രാജ്യത്തിന് ഇത്തരമൊരു ഗതികേടു വന്നത് നമ്മുടെ അമ്മമാർ അറിവില്ലാത്തവരായിപ്പോയതുകൊണ്ടാണ്. നമ്മുടെ പിതൃവിന് ശുദ്ധിയില്ല. പിതൃ ഏതു രാശിയിൽ നിൽക്കുന്നുവോ അതിന് അനുസരിച്ചേ കുടുംബത്തിൽ കുട്ടികൾ ജനിക്കൂ. പിതൃശുദ്ധി വരുത്തിയ കുടുംബത്തിൽ ബുദ്ധിശക്തിയും യുക്തിയുമുള്ള കുട്ടികൾ ജനിക്കും. ആ രംഗത്ത് ബ്രാഹ്മണൻ എന്നും മുന്നിൽത്തന്നെ. ശൂദ്രപരമ്പര മൊത്തം കള്ളുകുടിയന്മാരുടേതായിപ്പോയി. അറിവുള്ളവനായാലും അവൻ തലതിരിഞ്ഞവനായിരിക്കും. ബ്രാഹ്മണൻ പക്ഷെ മറ്റൊരു കുരുക്കു ചെയ്തു. മൂന്നെണ്ണം സംബന്ധം. ഒന്നു വേളി. ബ്രാഹ്മണന്റെ വീട്ടിലേതു വേളി. മറ്റെല്ലാം അസംബന്ധം. അവൻ ചെയ്യുന്ന ഒരു കർമ്മം പൂർത്തിയാകണമെങ്കിൽ വേളി കഴിച്ച പെണ്ണു വേണം. അഥവാ ഇല്ലാതെ വന്നാൽ യോനിമുദ്ര കാണിച്ച് തന്ത്രം ചെയ്തു വയ്ക്കും. അവന്റെ മന്ത്രത്തിലും തന്ത്രത്തിലും നമ്മൾ തൃപ്തരാണല്ലോ. ഈ നിലയിൽ അധഃപതിച്ച ഒരു പരമ്പരയിൽ എന്ത് അറിവു പകരാൻ കഴിയും?

പിതൃശുദ്ധി അതിന്റെ കർമ്മപൂർത്തിയിൽ ചെയ്തിട്ടുള്ള ഒരാചാര്യനും വന്നിട്ടില്ല. ശങ്കരാചാര്യർ വൈദികം ചെയ്തു. ബുദ്ധൻ പോലും പറഞ്ഞത്, വിശ്വസിച്ചാൽ മതി എല്ലാം മാറുമെന്നാണ്. ബുദ്ധന്റെ സ്ഥാനത്തെത്തിയ പിതൃക്കൾ പോലും ധാരാളമുണ്ടെന്നു നാം അറിയണം. എല്ലാ സൂക്ഷ്മമണ്ഡലങ്ങളിലും പിതൃക്കൾ (അന്തര്യാമികൾ) നിറഞ്ഞു നിൽക്കുന്നു. ഈ അന്തര്യാമികൾ തന്നെയാണ് യേശുവിനെ കൊന്നത്. ആ സ്ഥാനത്ത് പിതൃ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ഉയർന്നു വന്നിട്ടുള്ള എല്ലാ ആചാര്യന്മാരുടേയും സ്ഥാനം പിതൃക്കൾ അടക്കിവാഴുന്നു.

ബുദ്ധൻ കണ്ട പ്രകാശം, ഖുറാനിൽ പറഞ്ഞിരിക്കുന്ന പ്രകാശകിരണം, ക്രിസ്ത്യാനികളുടെ ഭാഷയിലെ തീനാക്ക്, അങ്ങനെ ഏതെല്ലാം മതങ്ങൾ ആ ചൈതന്യത്തെ എങ്ങനെയെല്ലാം വിശേഷിപ്പിച്ചിട്ടുണ്ടോ, അതെല്ലാം ഇവിടെയുണ്ട്. ഇവിടുത്തെ കുട്ടികൾ ഈ എല്ലാ പ്രകാരത്തിലും ആ ചൈതന്യശക്തിയെ കാണുന്നു. ഇതുവരെ ആരും പൂർണശുദ്ധിയോടെ ചെയ്തിട്ടില്ലാത്ത പിതൃശുദ്ധി ഇവിടെ ചെയ്യുന്നുണ്ട്. എല്ലാ പിതൃക്കളേയും പിടിച്ച് ഗുരുപ്രകാശത്തിൽ അണയ്ക്കുന്ന കർമ്മമാണ് ഇവിടെ നിർവ്വഹിക്കുന്നത്. ഇവിടെ പിതൃശുദ്ധി ചെയ്താൽപ്പിന്നെ നിങ്ങൾക്ക് പിതൃവില്ല, പിതൃവിന്റെ ശാപവുമില്ല. പിന്നെ നിങ്ങൾ നോക്കേണ്ടത് പരമ്പരയെ എങ്ങനെ വളർത്താം എന്നാണ്. ഇന്നു നിങ്ങൾ ചെയ്യുന്നതിന്റെ ഫലം ഉതകുന്നത് ഇരുപത്തഞ്ചു വർഷങ്ങൾ കഴിയുമ്പോഴാണ്.

നമ്മൾ ഒന്നിനെയും നിഷേധിക്കുന്നില്ല. ഓരോന്നും അതാതിന്റെ വലുപ്പത്തോളം ശരി. പക്ഷേ, ഇന്ന് നമുക്കെന്താണ് അനുപേക്ഷണീയം? നമ്മുടെ കുടുംബങ്ങളിൽ സത്സന്താനങ്ങൾ ജനിക്കണം. നാം എന്തിനുവേണ്ടിയാണോ പരക്കം പായുന്നത്, അതു സ്വയം നിവർത്തിച്ചെടുക്കാനുള്ള അറിവ് നമ്മുടെ സന്താനങ്ങൾക്കുണ്ടാകണം. നിങ്ങളുടെ വീട്ടിൽ നല്ല കർമ്മയോഗികളും ജ്ഞാനികളും സന്യാസിമാരുമുണ്ടാകണം. അങ്ങനെയൊരു ഉത്കൃഷ്ട സൃഷ്ടിക്ക് നിദാനമായിരിക്കുന്ന നിങ്ങൾക്ക് ആശ്രമത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കണം.

## വചനദീപ്തി

*തന്റെ മാംസപിണ്ഡത്തിന്റെ വളർച്ചയ്ക്കായി*
*മറ്റു ജീവന്റെ മാംസം ഭുജിക്കുന്നവൻ*
*എങ്ങനെ കാരുണ്യവാനായിരിക്കും*

**തിരുക്കുറൽ**

### പൗർണ്ണമി

2019 ഫെബ്രുവരി 19, ചൊവ്വ

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

05.02.2019 – കരുണപുരം

### യാമപ്രാർത്ഥന

2019 ഫെബ്രുവരി 07, വ്യാഴം 09.00 pm – 12.00 pm

## പ്രകാശപഥം

# കർമം കൊണ്ട് ദൈവത്തോടടുക്കുക

രാവിലെ ഉണർന്ന് രാത്രി ഉറങ്ങാൻ പോകുന്നതുവരെയുള്ള സമയത്തിനുള്ളിൽ മനസുകൊണ്ട് ദൈവത്തെ സ്മരിക്കുകയും നന്മ ആഗ്രഹിക്കുകയും ചെയ്യുമെങ്കിലും കർമം കൊണ്ട് നിങ്ങൾ എത്രമാത്രം ദൈവത്തോടടുക്കുന്നു എന്ന് സ്വയം വിചിന്തനം ചെയ്യേണ്ടതാണ്. ആദിതെറ്റിന്റെ തിരുത്തിനായി 25 ചതുർയുഗങ്ങളുടെ കാത്തിരിപ്പിനുശേഷം ബ്രഹ്മനിയോഗത്താൽ ജന്മമെടുത്ത നമ്മുടെ ഗുരു ആ തെറ്റു തിരുത്തി കാലധർമം പുനഃസ്ഥാപിച്ചു. അങ്ങനെ ബ്രഹ്മപ്രകാശവും മനുഷ്യനും തമ്മിൽ അറ്റുപോയ പാരസ്പര്യം വീണ്ടെടുത്ത് മനുഷ്യനെ അവന്റെ ആത്മീയ ഭൗതികജീവിതത്തിൽ മാർഗദർശനം ചെയ്ത് സത്യദർശനത്തിന് അവകാശിയാക്കാനുള്ള ധർമവും കർമവുമാണ് ഗുരു നമുക്ക് തന്നിരിക്കുന്നത്. പരമ്പരയിലെ ഓരോ വിശ്വാസിയുംതന്നെ ജീവിതം അതിനനുസരിച്ചു നയിച്ചില്ലെങ്കിൽ കർമംകൊണ്ട് നാം ഗുരുവിൽനിന്നും ദൈവത്തിൽ നിന്നും അകന്നുപോവുകയും പ്രകൃതിയിൽ നിന്നും തിരിച്ചടി ഉണ്ടാവുകയും ചെയ്യും.

മനസുകൊണ്ട് സദാ ഗുരുവിനെ സ്മരിക്കുകയും പ്രവൃത്തികൊണ്ട് ഗുരു കാട്ടിത്തന്ന മാർഗത്തിൽ നിന്നും വ്യതിചലിച്ച് ജീവിക്കുകയും ചെയ്താൽ സകല മഹാത്മാക്കളും വീണുപോയിടത്ത് ഗുരു പൂർത്തീകരിച്ച സത്യസാക്ഷാത്കാരത്തിന്റെ പാത സ്ഥാപിച്ചെടുക്കാൻ കഴിയാത്ത ദുരന്താനുഭവം ലോകത്തിൽ വീണ്ടും വന്നുചേരും. ധർമം വിടാതെ ചെയ്യുന്ന സകല കർമങ്ങളും ദൈവത്തിനിഷ്ടപ്പെട്ട കർമങ്ങളാണെന്നും അത് ജീവന്മുക്തിക്ക് വഴിതെളിക്കുമെന്നുമുള്ള സത്യം വെളിപ്പെടുത്തുന്ന ഒന്നാണ് മഹാഭാരതത്തിലെ വ്യാസന്റെ കഥ. ഇറച്ചിവെട്ടുമുതൽ മാതാപിതാക്കളുടെ ശുശ്രൂഷവരെയുള്ള ദൈനംദിന ജീവിതത്തിലെ ഉത്തരവാദിത്വങ്ങളും ധർമബോധത്തോടുകൂടി ചെയ്യുകവഴി ജീവന് മോക്ഷം കിട്ടിയ വ്യാസന്റെ അനുഭവം ഏതൊരു കർമവും ശ്രേഷ്ഠമാകുന്നത് ഏത് ഭാവന കൊടുത്ത് ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണെന്നു ബോധ്യമാക്കുന്നതാണ്. ഒരു ഗൃഹസ്ഥാശ്രമി തന്റെ പഞ്ചധർമങ്ങൾക്കനുസരിച്ചു ജീവിച്ചാൽ ചെറിയ അവസ്ഥയിലൊക്കെ പോകുന്ന സന്ന്യാസിയെപ്പോലെയെങ്കിലും വരാം.

കാലധർമം തെറ്റിച്ചുള്ള ആരാധനാസമ്പ്രദായങ്ങളിൽ നിന്നും ഒരു സമൂഹത്തെ കാലധർമാനുസാരിയായ ബ്രഹ്മസങ്കല്പത്തിലധിഷ്ഠിതമായ ഏകദൈവാരാധനയിലേക്ക് ഗുരു കൈപിടിച്ചു നടത്തുകയാണ്. ജീവനെ സകലസൂക്ഷ്മശക്തികളുടെയും സ്വാധീനത്തിൽ നിന്നും മോചിപ്പിച്ച് ഗുരുമാർഗത്തിൽ ജീവിച്ച് വീടിന്റെയും നാടിന്റെയും ദോഷങ്ങൾ മാറ്റിയെടുക്കാനുള്ള വഴി ഗുരു നമുക്കു കാട്ടിത്തന്നിരിക്കുന്നു. ഇത് മനസിലാക്കി ജീവിത കാഴ്ചപ്പാടും ജീവിതവൃത്തിയും ഗുരുവിന്റെ ആശയത്തിനനുസരിച്ച് മാറ്റിയെടുക്കുകയും ഗുരുവിന്റെ വാക്കനുസരിച്ച് ജീവിക്കുകയും ചെയ്താൽ മാത്രമേ ദൈവകാരുണ്യം ഉണ്ടാവുകയുള്ളൂ.

നമ്മൾ അങ്ങനെ എന്നും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തണം. ഞാൻ ഇങ്ങനെ ജീവിക്കുമെന്ന് ഒരു ആത്മസമർപ്പണമല്ല. അത് കർമത്തിലെങ്ങനെ വരുന്നു; അതിനെ വിലയിരുത്തുക.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# അറിവിന്റെ വെളിച്ചം

അറിവിന്റെയും അറിവുകേടിന്റെയും വ്യതിരിക്തവും സംയുക്തവുമായ വിവിധ അനുഭവങ്ങളാണു മനുഷ്യർക്കു ലഭിക്കുന്നത്. പൂർണ്ണമായ അറിവും പൂർണ്ണമായ അറിവുകേടും പോലെതന്നെ അവസ്ഥാന്തരതലങ്ങളിൽ രണ്ടും കലർന്ന് അംശബന്ധം വ്യത്യസ്തമായ ധാരാളം ധാരണകൾ കാണാവുന്നതാണ്. സങ്കരസ്വഭാവത്തിൽ കാണപ്പെടുന്ന അനുഭവങ്ങളുടെയും ധാരണകളുടെയും മാധ്യമങ്ങളാണ് ബഹുഭൂരിപക്ഷം ജനങ്ങളും. പൂർണത തേടിയുള്ള മനുഷ്യന്റെ അനന്തയാത്രയിൽ സങ്കീർണത സൃഷ്ടിക്കുന്നതാണ് ഈ മാധ്യമ സ്വഭാവം. വാസനകളും ധാരണകളും ആഗ്രഹങ്ങളും ആദർശവൽക്കരിക്കപ്പെടുമ്പോൾ അത് കർമ്മസംസ്കാരമായി രൂപാന്തരപ്പെടുന്നു. ഈ കർമ്മസംസ്കാരം ധർമബോധത്തിൽ അധിഷ്ഠിതമല്ലെങ്കിൽ നന്മയുടെ വഴി എന്തെന്നറിയാത്ത ജനങ്ങളിലൂടെ ദൂഷിതമായ കർമഗതികൾ വളർന്നുയരും. അതു തലമുറകൾക്കു ബാധ്യതയായി നിന്നുകൊണ്ട് ബോധനപ്രക്രിയകളിൽ വൈകാരികമായ അപഥയാത്രയും വിചാരപരമായ ന്യൂനതകളും ഉന്തിക്കയറ്റും. സംസ്കാരങ്ങളുടെ അപചയത്തിനുള്ള കാരണമായി ഇതു ചരിത്രത്തിലുടനീളം സ്ഥാനം പിടിച്ചിട്ടുണ്ട്. ചരിത്രം രണ്ടു തരത്തിലും ശുദ്ധമാക്കപ്പെടണം. ഒന്ന് മനുഷ്യജീവിതത്തിന്റെ സദാചാരപരമായ പ്രതിബദ്ധത പുനഃസ്ഥാപിക്കാൻതക്ക ജീവിതശുദ്ധി. ഇതു രണ്ടും പ്രാവർത്തികമാകാൻ ധർമബോധം കൂടിയേ കഴിയൂ. ഇങ്ങനെ അത്യന്താപേക്ഷിതമായിരിക്കുന്ന ധർമബോധം ആധികാരികമായിരിക്കണം. വ്യത്യസ്ത രാജ്യങ്ങളിൽ, വ്യത്യസ്ത സമൂഹങ്ങളിൽ വളർന്ന് ഉറച്ചുപോയതും കാലത്താൽ ചില പരിണാമങ്ങൾക്കു വിധേയമാകുന്നതും ആയ ഏറെ ധർമരീതികളുണ്ട്. ആചാര്യന്മാരും പ്രവാചകന്മാരും പറഞ്ഞതിൽ തുടങ്ങി അനുയായികളുടെ വ്യാഖ്യാനങ്ങളിലൂടെയും താൽപര്യങ്ങളിലൂടെയും ശാഖകൾ വീശിവന്ന ധർമ്മങ്ങൾക്ക് വ്യവസ്ഥാബദ്ധമായ അപ്രമാദിത്വം പറഞ്ഞുവയ്ക്കുന്നുണ്ട്. അതുകൊണ്ടുമാത്രം അവ ധർമ്മവിഹിതമാണെന്ന് ഉറപ്പിക്കാൻ കഴിയില്ല. കാലങ്ങൾക്കായി ദൈവം കാത്തുസൂക്ഷിക്കുന്ന സനാതനമൂല്യങ്ങളുണ്ട്. കാലങ്ങൾക്കൊത്ത ധർമ്മം പ്രബോധനം ചെയ്തു നയിക്കുന്ന ഗുരുക്കന്മാരിലൂടെ അതു പ്രകാശിതമാകുന്നു. അപ്രകാരം ആധികാരികമായ ധർമ്മബോധം നിറഞ്ഞ മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളംകാലം അവിരാമമായ ആനന്ദാനുഭൂതിയുടെ തുടർക്കഥയായിരിക്കും. നിമിഷങ്ങൾ തേൻ നിറഞ്ഞ കുമ്പിളുകളും അനന്തത അമൃതസാഗരവുമായി അനുഭവമാകും. ഈശാവാസ്യോപനിഷത്തിൽ സത്യം പൊൻപാത്രം കൊണ്ട് മൂടപ്പെട്ടിരിക്കുന്നതായി പറയുന്നു. പോഷകനായുള്ളവനോട് അതു തുറന്നുകാട്ടണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. പൊൻപാത്രം സ്വയം തിളങ്ങുന്ന പ്രതലമുള്ള ഒരു മറവ് എന്ന വിവക്ഷയാണ്. ഊഹാപോഹങ്ങളുടെയും പരമ്പരാഗതമായ ആഗ്രഹസങ്കരങ്ങളുടെയും പ്രാതിഭാസികതലവും ഈ മറവിൽ ഒളിഞ്ഞിരിക്കുന്നുണ്ടാവും. ഈ മറവിന്റെ കണ്ണഞ്ചിക്കുന്ന പ്രകാശത്താൽ അതുതന്നെ സത്യമെന്നു ധരിച്ചുപോയാൽ അതിനപ്പുറം നിൽക്കുന്ന പരമാർഥസത്യം അപ്രാപ്യമാകും. കോടി സൂര്യപ്രകാശം എന്ന സങ്കല്പനത്തിൽ സത്യം നിൽക്കുമ്പോൾ സൂര്യവെളിച്ചത്തിന്റെ ഭൗതികതലം കണ്ണഞ്ചിക്കുന്ന മറവായിത്തോന്നും. തപോമയമായ ദർശനത്താൽ സൂര്യപഥം കടന്നുകാണാവുന്ന സത്യമാണ് ഋഷിയുടെ വിവക്ഷിതം. പ്രകാശമാർഗത്താൽ ഗുരുശിഷ്യപാരസ്പര്യത്തിന്റെ അനുഭവരേഖയാണ് ഇതിലെ പ്രതിപാദ്യം. അതിനാൽ സത്യാന്വേഷണത്തിനുള്ള ശരിയായ മാർഗം ആധികാരികമായ ഗുരുമാർഗമാണ് എന്ന സത്യത്തിൽ ചിന്ത എത്തിച്ചേരുന്നു. ഈ വിഷയം അപഗ്രഥനത്തിനു വഴങ്ങാത്ത കാരുണ്യാനുഭവമാണ്.

# ശാന്തിഗിരി വിദ്യാഭവനിൽ ലഹരി വിരുദ്ധ സന്ദേശ റാലി

**പോത്തൻകോട്:** റിപ്പബ്ളിക്ക് ദിനാചരണത്തിന്റെ ഭാഗമായി ജനുവരി 25 ന് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ലഹരിവിരുദ്ധ സന്ദേശ റാലി സംഘടിപ്പിച്ചു. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരിയുടെ ഉപയോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ അതിനെതിരെയുള്ള ബോധവത്കരണം മുൻനിർത്തി സംഘടിപ്പിച്ച റാലിയുടെ ഉദ്ഘാടനം പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വേണുഗോപാലൻ നായർ നിർവ്വഹിച്ചു. ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള ശാന്തിഗിരി വിദ്യാഭവന്റെ ഇത്തരം പ്രവർത്തനങ്ങൾ സ്തുത്യർഹമാണെന്നും അതിന് പോത്തൻകോട് പഞ്ചായത്തിന്റെ അഭിനന്ദനം അർപ്പിക്കുന്നുവെന്നും ഉദ്ഘാടകൻ പറഞ്ഞു. ശാന്തിഗിരി ആശ്രമം പബ്ലിക് റിലേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി പ്രമോദ് അധ്യക്ഷത വഹിച്ചു. പോത്തൻകോട് പഞ്ചായത്ത് അംഗങ്ങളായ എം. ബാലമുരളി, അഡ്വ. സജിത് തുടങ്ങിയവർ പങ്കെടുത്തു. ഗൗരിശങ്കർ സ്വാഗതവും ബിന്ദു നന്ദന കൃതജ്ഞതയും പറഞ്ഞു. പോത്തൻകോട് ബസ് ടെർമിനലിൽ നിന്ന് ആരംഭിച്ച റാലി ടൗൺ വഴി സഞ്ചരിച്ച് തിരിച്ച് ബസ് സ്റ്റാൻഡിൽ എത്തിച്ചേർന്നു. ലഹരിക്കെതിരെയുള്ള പ്ലക്കാർഡുകളേന്തിയ കുട്ടികൾ ലഹരി വിരുദ്ധ മുദ്രാവാക്യം, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവ ചൊല്ലുകയും ചെയ്തു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന മദ്യവർജ്ജന സമിതിയുടെ ഈ വർഷത്തെ പുരസ്കാരം ശാന്തിഗിരി വിദ്യാഭവന് ലഭിച്ചിരുന്നു.




*ലഹരിവിരുദ്ധ സന്ദേശ റാലി*



*അക്കൗണ്ടന്റുമാർക്കായി നടത്തിയ ജിഎസ്ടി പരിശീലനക്ലാസ്*

# ഡിഫ്ത്തീരിയ: പ്രതിരോധ പ്രവർത്തനം ഊർജിതമാക്കി ആരോഗ്യ വകുപ്പ്

**തിരുവനന്തപുരം :** ജില്ലയിൽ ഡിഫ്തീരിയ രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയതായി ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ജോസ് ജി. ഡിക്രൂസ് അറിയിച്ചു. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളും പ്രതിരോധ മരുന്നുകളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിപ്പിൽ പറയുന്നു. പനി, തൊണ്ടവേദന, മൂക്കൊലിപ്പ്, വെള്ളം കുടിക്കുവാൻ പ്രയാസം തുടങ്ങിയവയാണു ലക്ഷണങ്ങൾ. രോഗബാധയുണ്ടായാൽ പത്തു ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകും. രോഗപ്രതിരോധ കുത്തിവയ്പ്പുകൾ യഥാസമയം എടുക്കാത്ത കുട്ടികൾ, രോഗപ്രതിരോധ ശേഷി കുറഞ്ഞ മുതിർന്നവർ തുടങ്ങിയവർക്കു രോഗസാധ്യത കൂടുതലാണ്. ഡിഫ്തീരിയ ലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സിക്കാതെ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടണമെന്ന് ജില്ലാ മെഡിക്കൽ ഓഫിസർ അറിയിച്ചു.



*നെല്ലിക്കാട് റെസിഡന്റ് അസോസിയേഷന്റെ ഉദ്ഘാടനം മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത നിർവഹിക്കുന്നു*



*വിശാഖപട്ടണം ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധ ഹോസ്പിറ്റലിന്റെ പുതിയ കെട്ടിടത്തിന്റെ ഉത്ഘാടനം ആന്ധ്രാപ്രദേശ് മന്ത്രി കിഡാരി ശ്രാവൺകുമാർ നിർവഹിക്കുന്നു*

## ആയുഷ് കോൺക്ലേവ് ഷോർട്ട്ഫിലിം മത്സരം

**തിരുവനന്തപുരം :** കേരള സർക്കാർ നാഷണൽ ആയുഷ് മിഷൻ ഫെബ്രുവരി 15 മുതൽ 18 വരെ തിരുവനന്തപുരം കനകക്കുന്നിൽ നടത്തുന്ന പ്രഥമ ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിനോടനുബന്ധിച്ച് ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ആയുഷ് ചികിത്സാ ശാസ്ത്രങ്ങളെ മുൻനിർത്തിയുള്ള മത്സരത്തിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സംഘടനകൾക്കോ മത്സരിക്കാം. ആയുഷ് ചികിത്സാ ശാസ്ത്രങ്ങളായ ആയുർവേദം, യോഗ നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി വിഭാഗങ്ങളിലെ പൊതുജനാരോഗ്യ സംബന്ധമായ ഏതു വിഷയവും പ്രമേയമാക്കാം. എച്ച്ഡി ക്വാളിറ്റിയുള്ള മൊബൈൽ ക്യാമറ ഉപയോഗിച്ചും ചിത്രീകരണം നടത്താം. 6 മുതൽ 12 വരെ മിനിറ്റ് ദൈർഘ്യമുണ്ടായിരിക്കണം. തയ്യാറാക്കിയ ഷോർട്ട് ഫിലിം ടീമംഗങ്ങളുടെ പേരുവിവരം ഉൾപ്പെടെ ഫെബ്രുവരി 10ന് മുൻപ് മീഡിയ കമ്മിറ്റി ഓഫിസ്, ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ്, ആരോഗ്യ ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കണം. ഷോർട്ട് ഫിലിമുകൾ പെൻ ഡ്രൈവിലോ ഡിവി ഡി യിലോ ഓൺ ലൈൻ ലിങ്ക് ആയോ മലയാളത്തിലും ഇംഗ്ലീഷിലും സമർപ്പിക്കാം. 25000 രൂപ, 15000 രൂപ, 10000 രൂപ എന്നിങ്ങനെ യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9747597140. സോഷ്യൽ മീഡിയ/ ഓൺലൈൻ മാധ്യമങ്ങളിൽ മുൻപ് പ്രസിദ്ധീകരിച്ച രചനകൾ സ്വീകരിക്കുന്നതല്ല.

## ധനസഹായം: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്കൂൾ,കായിക ക്ലബ്ബുകൾ, സ്ഥാപനങ്ങൾക്ക് 2018–19 സാമ്പത്തിക വർഷം കായിക വികസന നിധിയിൽ നിന്നും കായിക വികസനത്തിനു വേണ്ടി ധനസഹായം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. വിവരങ്ങൾക്ക്: www.sports-kerala.org ഫോൺ: 04712326644.

## ദിവംഗതരായി



*കുമാരൻ കെ.*

**ജനസേവികപുരം:** ഗുരുധർമ്മ പ്രകാശ സഭയിലെ സ്വാമി അർച്ചിത് ജ്ഞാനതപസ്വിയുടെ പിതാവ് ജനസേവികപുരം ഗുരുകീർത്തനത്തിൽ കുമാരൻ കെ. (84) ജനുവരി 26 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ കുമാരി കെ. മറ്റ് മക്കൾ പ്രേമ പി.കെ, ബിജുമോൻ സി.കെ.(മാനേജർ, അക്കൗണ്ട്സ്, ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല). മരുമക്കൾ വിശ്വനാഥൻ പി.ആർ, സിന്ധു ടി.എസ്. (ശാന്തിഗിരി ഭഗിനി നികേതൻ)



*ദാസാനുജൻ വി.എം*

**ഇടുക്കി:** ഗുരുധർമ്മ പ്രകാശ സഭയിലെ ജനനി സ്നേഹരൂപ ജ്ഞാനതപസ്വിനിയുടെ പിതാവ് ഇടുക്കി കൊച്ചുതോവാള പൂവേഴ്സ് മൗണ്ട് വാഴയിൽ ഹൗസിൽ ദാസാനുജൻ വി.എം (73) ജനുവരി 26 ന് ദിവംഗതനായി. ഭാര്യ ദിവംഗതയായ ഭാരതി. മറ്റ് മക്കൾ ദിവംഗതനായ റെനു. വിബി, ബിജി വി ബി (ശാന്തിഗിരി കമ്യൂണിറ്റി കിച്ചൻ), വിനോദ് വി ബി, രാജേഷ് വി ബി, ജയേഷ് വി ബി. മരുമക്കൾ നിത്യൻ ടി.ടി (ഡെപ്യൂട്ടി സൂപ്രണ്ട് ഫുഡ് സർവീസസ്, കമ്യൂണിറ്റി കിച്ചൺ), അശ്വനി, സുകന്യ, ആശ.

ഗുരുചരണം ശരണം
പ്രാർത്ഥനയോടെ
ഡോ.ജഗന്നാഥൻ കെ.
'പ്രണവം'
ശാന്തിഗിരി പി.ഒ.



# പൂജിതപീഠം സമർപ്പണം ആറ്റിങ്ങൽ ഏരിയ സമ്മേളനം ഇന്ന്

**ആറ്റിങ്ങൽ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള ആറ്റിങ്ങൽ ഏരിയ സമ്മേളനം ഇന്നു നടക്കും. ഉച്ചയ്ക്ക് മൂന്നു മണിക്ക് ആറ്റിങ്ങൾ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന് സമീപമുള്ള നാരായണ ഹാളിൽ വച്ച് ചേരുന്ന സമ്മേളനം അഡ്വ. ബി സത്യൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. അഡ്വ. ജോയി വി എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. ആറ്റിങ്ങൽ നഗരസഭാ ചെയർമാൻ എം പ്രദീപ്, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, റവ. ഫാ. പോൾ ഡേവിഡ്, ഇമാം ജനാബ് ഇഷിഹാബുദീൻ ഫൈസി, രാജയോഗിനി ബി.കെ മിനി തുടങ്ങിയവർ സംബന്ധിക്കും. സമ്മേളനത്തിൽവച്ച് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിലെ വിജയി ഫർസാന ഹുസൈനെ ആദരിക്കും. 55 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും വിതരണം ചെയ്യും.

ഫെബ്രുവരി 9ന് തിരുവനന്തപുരം ഏരിയ സമ്മേളനം നടക്കും. വൈകുന്നേരം നാല് മണിക്ക് വൈ.എം.സി.എ ഹാളിൽ നടക്കുന്ന മീറ്റിംഗ് വി.എസ് ശിവകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാനചലച്ചിത്ര അവാർഡ് ജേതാവ് ഇന്ദ്രൻസിനെ ചടങ്ങിൽ ആദരിക്കും.

## ശാന്തിഗിരി വിദ്യാഭവനിൽ കരകൗശല മേള

**എജ്യൂക്കേഷൻ സോൺ:** 'ഒരു നവകേരളം കുട്ടികളുടെ കാഴ്ചപ്പാടിലൂടെ' എന്ന വിഷയത്തെ ആസ്പദമാക്കി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജനുവരി 19 മുതൽ 24 വരെ കരകൗശലമേള സംഘടിപ്പിച്ചു. പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. മേളയിൽ പരിസ്ഥിതി സംരക്ഷണം,പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവത്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രദർശനവും ഒരുക്കിയിരുന്നു. അധ്യാപികമാരായ ആശാലത കെ.ജി., ദീപ്തി എസ്. വിദ്യ, ജയ.വി എന്നിവർ നേതൃത്വം നൽകി.



*ശാന്തിഗിരി വിദ്യാഭവൻ സീനിയർസെക്കന്ററി സ്കൂളിന്റെ പാഥേയം പദ്ധതിയുടെ ഭാഗമായി പോത്തൻകോട് കരുണാലയത്തിലെ അന്തേവാസികൾക്ക് പൊതിച്ചോറ് നൽകുന്നു*

## വിവാഹിതരായി



ആലപ്പുഴ ചേർത്തല തണ്ണീർമുക്കം ഗുരുപ്രഭയിൽ ഇ.കെ ശശിധരന്റെയും കെ എൻ രാധാമണിയുടെയും മകൻ ശരത്‌ലാൽ പി എസും ശാന്തിഗിരി ആനന്ദപുരം ശാന്തിഭവനിൽ ബി രാജേന്ദ്രന്റെയും ലളിത രാജേന്ദ്രന്റെയും മകൾ ആർ കരുണലതയും തമ്മിൽ ശാന്തിഗിരി ആശ്രമത്തിൽ വച്ച് ജനുവരി 30 ന് വിവാഹിതരായി.



പാറശ്ശാല വടവൂർകോണം ഹർഷ നിവാസിൽ ദിവംഗതനായ ജി രവീന്ദ്രൻ നായരുടെയും സി ഗീതാകുമാരിയുടെയും മകൻ അഖിലേശൻ ജി ആറും വൈക്കം പടിഞ്ഞാറെക്കര ഗുരുദാനത്തിൽ കെ.റ്റി ധനഞ്ജയന്റെയും കെ കെ പ്രസന്നയുടെയും മകൾ ജനപ്രിയ കെയും തമ്മിൽ ശാന്തിഗിരി ആശ്രമത്തിൽ വച്ച് ജനുവരി 30 ന് വിവാഹിതരായി.



ചേർത്തല നടുവത്ത് നഗർ ഇടപ്പറമ്പ് വീട്ടിൽ ശ്രീ ദിവാകരന്റെയും സൗദാമിനിയുടെയും മകൻ സജു ഇ.ഡിയും തൃശൂർ മുപ്ലിയം പണ്ടാരത്തിൽ വീട്ടിൽ പി.ആർ ഭാസ്കരന്റെയും അനിതയുടെയും മകൾ തുഷാര പി യും തമ്മിൽ ശാന്തിഗിരി ആശ്രമത്തിൽ വച്ച് ജനുവരി 30 ന് വിവാഹിതരായി.

## വിപണിയിൽ











ഇരുപത് വർഷത്തെ പ്രവർത്തന പാരമ്പര്യവുമായി പോത്തൻകോടിന്റെ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്ന **ദന്തസുഖം ഡന്റൽ ക്ലിനിക്** 2019 ജനുവരി 1 മുതൽ പ്രവർത്തനസമയം ദീർഘിപ്പിച്ചിരിക്കുന്നു. പുതുക്കിയ സമയക്രമം അനുസരിച്ച് **രാവിലെ ഒൻപതു മണിമുതൽ രാത്രി എട്ട് മണിവരെ** ക്ലിനിക് പ്രവർത്തിക്കുന്നതാണ്. തുടർന്നും ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ലഭ്യമായ ചികിത്സകൾ**

1. നിരതെറ്റിയ പല്ലുകൾ കമ്പിയിട്ട് ക്രമപ്പെടുത്തുന്നു
2. കുട്ടികൾക്കായി പ്രത്യേക വിഭാഗം
3. വേദനയുള്ള പല്ലുകൾ എടുത്ത് കളയാതെ അടച്ച് നിർത്തുന്ന റൂട്ട് കനാൽ ട്രീറ്റ്മെന്റ്
4. നഷ്ടപ്പെട്ട പല്ലുകളുടെ സ്ഥാനത്ത് സ്ഥിരമായി ഉറപ്പിച്ച് നിർത്തുന്ന പല്ലുകൾ ഘടിപ്പിക്കുന്ന ക്രൗൺ & ബ്രിഡ്ജ് ട്രീറ്റ്മെന്റ്
5. ആവശ്യമായ സാഹചര്യങ്ങളിൽ ഇരുപത്തിനാല് മണിക്കൂറിനകം നഷ്ടപ്പെട്ട പല്ലുകളുടെ സ്ഥാനത്ത് താൽക്കാലികമായി പല്ലുകൾ ഘടിപ്പിക്കാനുള്ള സൗകര്യം.

For enquiries & booking +91 8113013007, 8111882275

**Denthasugam Dental Clinic**

Santhigiri Vaidyasala Building, Near Bus stand, Pothencode


**ഈ ലോകം.. ഇവിടെ ചില മനുഷ്യർ** — വാമനപുരം മണി




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala